No. Ad BII/2/413/Furniture for Syrandri Hostel (Re)/2018 തീയതി: 28/02/2018

## മഹാത്മാഗാന്ധി സർവ്വകലാശാല

### റീ-ടെൻഡർ നോട്ടീസ്

സർവ്വകലാശാലയിലെ സൈരന്ധ്രി വനിതാ ഹോസ്റ്റലിലേയ്ക്ക് ഫർണ്ണിച്ചർ (Steel/Wooden) വാങ്ങുന്നതിനായി സീൽ ചെയ്ത മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. അപേക്ഷകൾ 'സൈരന്ധ്രി വനിതാ ഹോസ്റ്റലിലേയ്ക്കുള്ള ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനുള്ള ടെൻഡറുകൾ' എന്ന് രേഖപ്പെടുത്തി ഡെപ്യൂട്ടി രജിസ്ട്രാർ (P&D), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശനി ഹിൽസ് പി.ഒ. കോട്ടയം 686560 എന്ന മേൽവിലാസത്തിൽ അയച്ചു തരേണ്ടതാണ്. പൂരിപ്പിച്ച ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി: **28/03/2018 2.30 pm** ആണ്. അതേ ദിവസം 3.30 pm ന് ടെൻഡറുകൾ തുറക്കുന്നതാണ്. "നിർദ്ദിഷ്ട സമയം കഴിഞ്ഞ് ലഭിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല."

ടെൻഡറുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വില, നികുതി, ഫ്രെയിറ്റ് ചാർജ്, ഇൻസ്റ്റലേഷൻ ചാർജ് എന്നിവ ഉൾപ്പെട്ടതായിരിക്കണം

ടെൻഡറുകളോടൊപ്പം കരാർ തുകയുടെ 1% നിരതദ്രവ്യമായി അടയ്ക്കേണ്ടതാണ്. ടി തുക സർവ്വകലാശാലാ ഫിനാൻസ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സർവ്വകലാശാലാ കാമ്പസ് ബ്രാഞ്ചിലുള്ള അക്കൗണ്ട് നം. 57004087022 ൽ അടയ്ക്കേണ്ടതാണ്.

ടെൻഡർ ഫോറങ്ങൾ സർവ്വകലാശാലയുടെ ജനറൽ സ്റ്റോറിൽ നിന്നും ലഭിക്കുന്നതാണ്. ടെൻഡർ ഫോറത്തിന്റെ വില PAC യുടെ .2% ആയിരിക്കും. (കുറഞ്ഞ തുക 400/- രൂപ + GST കൂടിയ തുക 1500 രൂപ) ടി തുക സർവ്വകലാശാലാ ഫിനാൻസ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സർവ്വകലാശാല കാമ്പസ് ബ്രാഞ്ചിലുള്ള അക്കൗണ്ട് നം. 57004087022 ൽ അടച്ച് രസീത് സ്റ്റോറിൽ നല്കേണ്ടതാണ്. ടെൻഡറുകളോടൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഉള്ളടക്കം ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ കരാർ തുകയുടെ 5% സെക്യൂരിറ്റി ഡിപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. (ഡിപ്പോസിറ്റ് തുക വ്യവസ്ഥകൾക്ക് വിധേയമായി മടക്കി നൽകുന്നതാണ്) ടെൻഡർ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റായ www.mgu.ac.in ൽ നിന്നും ലഭ്യമാണ്.

ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ സ്വീകരിക്കുവാനും നിരാകരിക്കുവാനും രജിസ്ട്രാർക്ക് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

ആവശ്യമായ സാമഗ്രികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

I.

| Specification of Wooden Furniture | | |
|---|---|---|
| Sl No. | Item with specification | No |
| 1. | Study table Anjili Wood size 90 x 50 x 75 cm Top laminated particle board with closed shelf and one drawer. | 4 |
| 2. | Cot-frame work by Anjili wood: 190 x 75 x 45 cm with Top Marine Grade plywood 18mm thick | 12 |

II.

| Specification of Steel Furniture | | |
|---|---|---|
| Sl No. | Item with specification | No |
| 1. | Study table size 90 x 50 x 75 cm top surface made of 16mm thick pre-laminated particle board and M.S. frame work with legs 25 mm M.S. pipe | 4 |
| 2. | Cot made of M.S frame work and top platform with 16 gauge M.S. Sheet and legs using 25 mm M.S. Pipe. | 12 |

III.

| Sl No. | Item with specification | No |
|---|---|---|
| 1. | Plastic chair with arm rest | 1 |

നിബന്ധനകൾ

1. വിതരണം ചെയ്യുന്ന സ്ഥാപനത്തിന്റെ വിശ്വാസ്യത ബോധ്യപ്പെടുത്തണം
2. സാമഗ്രികൾ സർവ്വകലാശാലയുടെ ജനറൽ സ്റ്റോറിൽ വിതരണം ചെയ്യണം
3. സപ്ലൈ ഓർഡർ ലഭിച്ച് 10 ദിവസത്തിനകം വിതരണം ചെയ്യേണ്ടതാണ്.
4. ടെൻഡറിന്റെ കാലാവധി 3 മാസമായിരിക്കും.
5. ടെൻഡറിനോടോപ്പം മോഡലിന്റെ ചിത്രങ്ങൾ സമർപ്പിക്കണം
6. തടിയിൽ നിർമ്മിക്കുന്ന ഫർണ്ണിച്ചറുകളുടെ പോളിഷിംഗ് ജോലികൾ ഫർണ്ണിച്ചറിന്റെ ഗുണമേന്മ യൂണിവേഴ്സിറ്റി എൻജിനീയർ സാക്ഷ്യപ്പെടുത്തിയതിനു ശേഷം മാത്രം നടത്തേണ്ടതാണ്.

ഒപ്പ്/-
ഗിരീഷ് സെബാസ്റ്റ്യൻ
ഡെപ്യൂട്ടി രജിസ്ട്രാർ III (ഭരണ വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. പി. ആർ. ഓ (പത്രപ്പരസ്യത്തിനായി)
2. സ്റ്റോർ കീപ്പർ - ജനറൽ സ്റ്റോർ (ടെൻഡർ ഫോം വിൽക്കുന്നതിനായി)
3. യൂണിവേഴ്സിറ്റി എൻജിനീയർ
4. സെക്ഷൻ ഓഫീസർ - ഭരണ വിഭാഗം തപാൽ സെക്ഷൻ (പൂരിപ്പിച്ച ടെൻഡറുകൾ സ്വീകരിക്കുന്നതിന്)
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (സർവ്വകലാശാലാ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

ഉത്തരവിൻ പ്രകാരം

EPN Nampoothiri

സെക്ഷൻ ഓഫീസർ